"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ ഒയലമല പട്ടികജാതി കോളനിയിലെ കുടിവെള്ള പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തിയതിന് ഉത്തരവാദിയായിട്ടുള്ള മുൻ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ബിനു ജോസ്-നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ.ആർ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2074/2026/LSGD തീയതി,തിരുവനന്തപുരം, 02-11-2026

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 20-06-2025-ലെ LSGD/PD/26973/2024-VIGD5 നമ്പർ കത്ത്.
2. ശ്രീ.ബിനു ജോസ്-നെതിരെയുള്ള 18-03-2026-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ശ്രീ.ബിനു ജോസ് സമർപ്പിച്ച 02-05-2026-ലെ എതിർവാദ പത്രിക
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 22-07-2026-ലെ LSGD/PD/26973/2024-VIGD5 നമ്പർ കത്ത്.

ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ ഒയലമല പട്ടികജാതി കോളനിയിൽ ശ്രീ.എം.കെ രാഘവൻ. എം.പി. ശിപാർശ ചെയ്ത ബഹു.എം.പി-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതിയുടെ നിർവ്വഹണത്തിൽ കാലതാമസം വരുത്തിയ പരാതിയുമായി ബന്ധപ്പെട്ട് ഉത്തരവാദിയും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനുമായിരുന്ന മുൻ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിനു ജോസ് (പെൻ നമ്പർ : 585103)-നെതിരെ ഉചിതമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പദ്ധതി വിലയിരുത്തൽ വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് നിർദ്ദേശിച്ചതനുസരിച്ച് കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ നടത്തിയ സമഗ്ര അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിൽ, പ്രാദേശികമായ ചില എതിർപ്പുകൾ പദ്ധതി നിർവ്വഹണത്തെ ബാധിച്ചുവെങ്കിലും ടി വിഷയത്തിൽ പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും, ടി വിഷയം മേൽ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിലും, പദ്ധതി സ്കീം മാർഗ്ഗരേഖ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിലും നിർവ്വഹണ ചുമതല ഉണ്ടായിരുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിനു ജോസ്-ന്റെ ഭാഗത്ത് നിന്നും മനപ്പൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായതായി അഭിപ്രായപ്പെട്ടിരുന്നു.

2) തുടർന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുത്തിയതിന് ഉത്തരവാദിയായിട്ടുള്ള മുൻ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ബിനു ജോസ്-നെതിരെ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടത്തിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ചിരുന്നതും, പരാമർശം (2) പ്രകാരം ടിയാന് കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

3) മേൽ കുറ്റാരോപണ പത്രികയ്ക്ക്, പരാമർശം (3) പ്രകാരം ശ്രീ. ബിനു ജോസ് എതിർവാദ പത്രിക സമർപ്പിക്കുകയുണ്ടായി.എം.പി. ഫണ്ടും ജില്ലാ പഞ്ചായത്ത് ഫണ്ടും ഉപയോഗിച്ചുള്ള പ്രവർത്തികൾ ഒരേസമയം ആരംഭിക്കണമെന്ന ഗുണഭോക്താക്കളുടെ ആവശ്യം മൂലം പ്രദേശവാസികളുടെ എതിർപ്പുണ്ടായതും, 2023 നവംബറിൽ പ്രവൃത്തി തടസ്സപ്പെടുത്തിയതിനെ തുടർന്ന് 03.12.2023-ലെ എം.പി. ലാഡ്സ് അവലോകന യോഗത്തിൽ വിഷയം അവതരിപ്പിച്ച് പ്രശ്നപരിഹാരത്തിനായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായും ഇടപെടലുകൾ നടത്തുകയും ചെയ്തതായി വിശദീകരിച്ചിട്ടുണ്ട്. കൂടാതെ, 04.08.2023-ന് ടിയാൻ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസറായി ചുമതലയേറ്റതിനെ തുടർന്നുള്ള പരിചയക്കുറവും പരിശീലനത്തിന്റെ അഭാവവും, 2024-ലെ ലോകസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഫ്ലയിംഗ് സ്ക്വാഡ് ഡ്യൂട്ടിയും, കൂടാതെ സിവിൽ പ്രവൃത്തികൾ ഏകദേശം 80-90% പൂർത്തിയാക്കിയ ശേഷമേ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കാൻ

സാധിക്കുകയുള്ള എന്നതും കാലതാമസത്തിന് കാരണമായതായി പ്രസ്തുത എതിർവാദ പത്രികയിൽ ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

4) എതിർവാദ പത്രികയിന്മേൽ പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.പ്രസ്തുത പ്രവർത്തിയുടെ വർക്ക് ഓർഡർ നൽകിയതിന് ഏകദേശം 6 മാസങ്ങൾക്ക് ശേഷമാണ് ടിയാൻ ചുമതലയേറ്റത് എന്നതിനാൽ പദ്ധതിയുടെ തുടക്കത്തിലെ കാലതാമസത്തിന് ടിയാനെ പൂർണ്ണമായി ഉത്തരവാദിയാക്കാനാകില്ല എന്നും, പ്രാദേശിക തടസ്സങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റുമായി ചർച്ച നടത്തുകയും വിഷയം ബ്ലോക്ക് ഭരണസമിതിയുടെയും എം.പി. ലാഡ്സ് അവലോകന യോഗത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തതിനാൽ തടസ്സങ്ങൾ പരിഹരിക്കാൻ ഇടപെടൽ നടത്തിയില്ല എന്ന ആരോപണം പൂർണ്ണമായി ശരിയല്ല എന്നും, സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷമുള്ള ഇലക്ട്രിക്കൽ ടെണ്ടർ നടപടികൾ ഇലക്ഷൻ പെരുമാറ്റച്ചട്ടം, ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാതിരുന്നത് തുടങ്ങിയ കാരണങ്ങളാൽ വൈകിയതും പരിഗണിക്കാവുന്നതാണ് എന്നും കൂടാതെ, എം.പി. ലാഡ്സ് പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിലെ പരിചയക്കുറവും മതിയായ പരിശീലനത്തിന്റെ അഭാവവും തുടക്കത്തിലെ ഫീൽഡ് ഏകോപനത്തിലെ കാലതാമസത്തിന് കാരണമായതായും, കൂടാതെ നിലവിൽ സിവിൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ള സാഹചര്യത്തിലും, ടിയാൻ തന്റെ ഭാഗത്തുണ്ടായ പരിചയക്കുറവ് അംഗീകരിച്ച് ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്ന് ഉറപ്പ് നൽകിയിട്ടുള്ളതിനാലും, അച്ചടക്ക നടപടി മേലിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന താക്കീതോടെ തീർപ്പാക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ബിനു ജോസ് സമർപ്പിച്ച എതിർവാദ പത്രികയിലെ വാദങ്ങൾ ഭാഗികമായി അംഗീകരിക്കാവുന്നതാണെങ്കിലും, ടി വിഷയത്തിൽ ടിയാന്റെ ഭാഗത്ത് നിന്ന് ജാഗ്രതക്കുറവുണ്ടായിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിൽ ആവശ്യമായ ഫീൽഡ് തല ഇടപെടലുകൾ സമയബന്ധിതമായി നടത്താതിരുന്നതും, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും പി.എം.സി. രീതിയിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വരുത്തിയതും, പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള സൈറ്റ് സന്ദർശനം, വർക്ക് രജിസ്റ്റർ പരിപാലനം, പ്രാദേശിക തടസ്സങ്ങൾ പരിഹരിക്കൽ, ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽ വിഷയം കൊണ്ടുവന്ന് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ തുടങ്ങിയ ചുമതലകൾ നിർവഹിക്കുന്നതിലും വീഴ്ച വരുത്തിയതും ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായ കൃത്യവിലോപമാണ്. ഈ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിലെ ഒയലമല പട്ടികജാതി കോളനിയിൽ ശ്രീ.എം.കെ രാഘവൻ. എം.പി. ശിപാർശ ചെയ്ത ബഹു.എം.പി-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള കുടിവള്ള പദ്ധതിയുടെ നിർവ്വഹണത്തിൽ കാലതാമസം വരുത്തിയതിന് ഉത്തരവാദിയായ മുൻ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ. ബിനു ജോസ് (പെൻ നമ്പർ : 585103)-നെതിരെ സ്വീകരിച്ച അച്ചടക്കനടപടി 1960-ലെ കെ.സി.എസ് (സിസി&എ) ചട്ടങ്ങളിലെ ചട്ടം 11 (i) പ്രകാരം സെൻഷർ ("Censure") നൽകി തീർപ്പാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. ശ്രീ. ബിനു ജോസ്(പെൻ 585103) (മുൻ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ, ഇവാലുവേഷൻ ആൻഡ് മോണിറ്ററിംഗ് വകുപ്പ്. (01-07-2024-ലെ PIEM1/5/2024-PIEMD പ്രകാരം അറിവിലേയ്ക്കായി).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Rajesh Kumar. C
Date: 03-11-2026
11:45:54

സെക്ഷൻ ഓഫീസർ